Safety Review Panel) ഇൻസ്പെക്ഷൻ, ഹൈഡ്രോളജിക്കൽ റിവ്യൂ സ്റ്റഡി (Hydrological Review Study) പ്രോജക്ട് സ്ക്രീനിംഗ് ടെംപ്ലേറ്റ് (Project Screening Templates) തയ്യാറാക്കൽ, ബിഡ് ഡോക്യുമെന്റ് (Bid Document) തയ്യാറാക്കൽ എന്നിവയാണ്. അത്തരം പ്രാരംഭ നടപടികൾക്ക് State Project Management Unit (SPMU), Central Project Management Unit (CPMU) ലോകബാങ്ക് (World Bank) എന്നിവയുടെ അംഗീകാരവും ലഭിക്കേണ്ടതായുണ്ട്. ജലസേചന വകപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ പദ്ധതികളുടേയും DSRP Inspection, Hydrological Review Study എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. Hydrological Review Study-ക്ക് അംഗീകാരവും ലഭിച്ചു. കാഞ്ഞിരപ്പുഴ അണക്കെട്ടിനൊഴികെയുള്ള DRIP-ലെ 15 പദ്ധതികൾക്കും പ്രോജക്ടുകളുടെ ടെംപ്ലേറ്റുകൾക്ക് ലോകബാങ്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ജലസേചന വകപ്പിൽ DRIP-പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പത്ത് (10) പ്രവൃത്തികൾ അവാർഡ് ചെയ്തിട്ടുണ്ട്. മൂന്ന് (3) പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചു കിട്ടുന്നതിനും ആറ് (6) പ്രവൃത്തികളുടെ ടെണ്ടർ സംബന്ധിച്ച പരിശോധനയും ഇവാലുവേഷനും പൂർത്തീകരിക്കുന്നതിനും ഉള്ള നടപടികൾ പുരോഗമിച്ചു വരുന്നു. മലമ്പുഴ അണക്കെട്ടിലെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ കഴിവതും വേഗം പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കാനുള്ള പരിശ്രമങ്ങൾ നടന്നുവരുന്നു.

അച്ചൻകോവിലാറ്റിൽ തടയണ നിർമ്മാണം

223(2692) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ അച്ചൻകോവിലാറ്റിൽ തടയണ നിർമ്മിക്കുന്നതിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അച്ചൻകോവിലാറ്റിൽ കോട്ടത്തോടിന്റെ പതനമുഖം സംരക്ഷണഭിത്തി കെട്ടുന്നതിന് ചീഫ് എഞ്ചിനീയർ നൽകിയ എസ്റ്റിമേറ്റിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) കോട്ടത്തോട് നവീകരണത്തിനായി ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇനിയും പ്രവൃത്തി ആരംഭിക്കാനുള്ളവ ഉണ്ടോ; എങ്കിൽ അടിയന്തരമായി ആരംഭിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഭരണാനുമതി നല്കിയിട്ടുണ്ട്.

(സി) പ്രവൃത്തി ടെണ്ടർ ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) രണ്ട് ഘട്ടങ്ങളിലായി 15 ലക്ഷം രൂപയും 32.50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 15 ലക്ഷം രൂപയുടെ പ്രവൃത്തി ആരംഭിച്ചു. 32.50 ലക്ഷം രൂപയുടെ പ്രവൃത്തിക്കുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ആർ.ബി.സി. കനാൽ നീട്ടുന്നതിനുള്ള നടപടി

224(2693) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി പാലക്കാട് ജില്ലയിലെ ജനസമ്പർക്ക പരിപാടിയിൽ ആർ.ബി.സി. കനാൽ നീട്ടുന്നത് സംബന്ധിച്ച പ്രഖ്യാപനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രണ്ട് പ്രാവശ്യം എ.എസ്. ലഭിച്ചിട്ടും വർക്ക് ടെണ്ടർ ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കനാൽ നിർമ്മാണത്തിന് ലഭിച്ചിട്ടുള്ള ഭൂമിയിൽ നടപ്പു സാമ്പത്തിക വർഷത്തിൽ തന്നെ പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കനാൽ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാലാണ് ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയാതെ വരുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി റവന്യൂ അധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാവുന്ന മുറയ്ക്ക് തന്നെ പ്രവൃത്തി നടത്തുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനായി പദ്ധതി വിഭാഗം ഒന്ന് ചീഫ് എഞ്ചിനീയറെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly